(3) കേന്ദ്ര ഗവൺമെന്റിന്റെ കയറ്റിറക്കു നയംമൂലം പ്രതിസന്ധിയിലായ തേയില വ്യവസായത്തേയും തൊഴിലാളികളേയും സംരക്ഷിക്കുന്നതിന് നടപടി

മി. ഡെ. സ്പീക്കർ : ശ്രീ. ഇ.എം. അഗസ്തിക്ക് അങ്ങയുടെ പ്രമേയം അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. ഇ. എം. അഗസ്തി : സർ, "കേന്ദ്ര ഗവൺമെന്റിന്റെ കയറ്റിറക്ക് നയംമൂലം പ്രതിസന്ധിയിലായ തേയില വ്യവസായത്തേയും തൊഴിലാളികളേയും സംരക്ഷിക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട തോട്ടം വ്യവസായമാണ് തേയില വ്യവസായം. നൂറ്റിയൻപത് വർഷത്തെ പഴക്കമുള്ള ഒരു വ്യവസായമാണ് ഇത്. തേയിലകൃഷി ഇൻഡ്യയിൽ വന്നത് ചൈനയിൽ നിന്നാണ്. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട പീരുമേട് പഞ്ചായത്തിൽ ചൈന സ്കയർ എന്നൊരു സ്ഥലം ഇപ്പോഴുമുണ്ട്. ചൈനയിൽ നിന്നും തേയില കൊണ്ടുവന്ന് കൃഷിയാരംഭിച്ചത് പീരുമേട് പഞ്ചായത്തിലെ മൂന്നാം വാർഡിൽപ്പെട്ട ഈ സ്ഥലത്താണ്. അതുകൊണ്ടാണ് ഈ സ്ഥലംചൈനാ സ്കയർ എന്നറിയപ്പെടുന്നത്. ലോകത്തിലെ ഏറ്റവും വലിയ തേയില ഉൽപ്പാദക രാജ്യമാണ് ഇൻഡ്യ. അതുപോലെ തേയിലയുടെ ഉപയോഗത്തിലും മുൻപിൽ നിൽക്കുന്ന രാജ്യമാണ് ഇൻഡ്യ. ഏറ്റവും വലിയ ഉപഭോക്തൃരാജ്യവും ഏറ്റവും വലിയ ഉൽപ്പാദക രാജ്യവുമായ ഇൻഡ്യയിൽ തേയിലവ്യവസായം വലിയ പ്രതിസന്ധിയിൽ നിൽക്കുന്നുവെന്നുള്ളത് വലിയൊരു വിരോധാഭാസമാണ്. കേന്ദ്ര ഗവൺമെന്റ് ഈ അടുത്ത കാലത്ത് നടപ്പാക്കിയ കയറ്റിറക്ക് നയത്തിന്റെ ഫലമായി ഇപ്പോൾ വിദേശ രാജ്യങ്ങളിൽനിന്നും ഇൻഡ്യൻ കമ്പോളങ്ങളിലേയ്ക്ക് തേയില നിർബാധം ഇറക്കുമതി ചെയ്യാൻ അനുവദിച്ചതിനെത്തുടർന്നാണ് ഈ രംഗത്ത് പ്രതിസന്ധിയുണ്ടായിരിക്കുന്നത്. ഈ പ്രതിസന്ധിയുടെ രൂക്ഷത കേരള സംസ്ഥാനം ഇതുവരെ അഭിമുഖീകരിച്ചതിൽ വച്ച് ഏറ്റവും വലിയ രൂക്ഷതയാണ്. ഒന്നര ലക്ഷത്തോളം ആളുകൾ ഉപജീവനം നടത്തിവരുന്ന ഈ വ്യവസായമേഖലയിൽ ഇപ്പോൾ ആർക്കും പണിയില്ല. 2000-ആണ്ടിൽ തിരുവനന്തപുരം ജില്ലയിലെ പൊൻമുടി പ്രദേശത്ത് ബോണക്കാട് എസ്റ്റേറ്റിൽ ഉടമ തോട്ടം ഉപേക്ഷിച്ചു പോയ സ്ഥിതിയെത്തുടർന്നുണ്ടായ പട്ടിണിമരണവും അതിനുശേഷമുണ്ടായിരിക്കുന്ന സാഹചര്യങ്ങളും ഈ സഭയിൽ നിരവധി പ്രാവശ്യം ചർച്ച ചെയ്തതാണ്. പൊൻമുടിയിലെ ബോണക്കാട് എസ്റ്റേറ്റിലാണ് ആദ്യം തോട്ടമുപേക്ഷിച്ച് പോകലും പട്ടിണിമരണമുണ്ടാകുകയും ചെയ്തതെങ്കിൽ ഇന്ന് കേരളത്തിലെ എല്ലാ തേയിലത്തോട്ടങ്ങളിലും ഈ സ്ഥിതിയുണ്ടായിക്കൊണ്ടിരിക്കുന്നു, അല്ലെങ്കിൽ ഉണ്ടാകാനുള്ള സാഹചര്യമുണ്ടായിക്കൊണ്ടിരിക്കുന്നു. പട്ടിണി മരണങ്ങൾ ഒഴിവാക്കുന്നതിനു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി സമാശ്വാസ നടപടികൾ കേരളാ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടെന്നുള്ളത് ശരിയാണ്. അവർക്ക് നാലഞ്ച് ആഴ്ച സൗജന്യ റേഷൻ കൊടുത്തു, കുടിവെള്ളമില്ലാത്തിടത്ത് കുടിവെള്ളമെത്തിച്ചുകൊടുക്കാൻ സഹായം ചെയ്തു. ആശുപത്രികൾ ഉപേക്ഷിച്ചുപോയ സ്ഥലത്ത് ആശുപത്രികൾ പ്രവർത്തിപ്പിക്കുവാൻ മാനേജുമെന്റുകൾ തയ്യാറാകാത്ത സ്ഥലത്ത് ചില മെഡിക്കൽ ക്യാമ്പുകളും മൊബൈൽ യൂണിറ്റുകളും അനുവദിച്ചു. അതുപോലെതന്നെ പട്ടിണി മരണം ഒഴിവാക്കുന്നതിനുവേണ്ടി ഉൽസവകാലത്ത് ഉൽസവ അലവൻസ് എന്നുപറയത്തക്ക നിലയിൽ തൊഴിലാളികൾക്ക് ആയിരം രൂപവച്ച് കഴിഞ്ഞ രണ്ടുവർഷക്കാലം ഈ ഗവൺമെന്റ് നൽകി. പക്ഷേ ഒന്നരലക്ഷം തൊഴിലാളികൾ അനുഭവിച്ചുകൊണ്ടിരുന്ന ദുരിതങ്ങൾക്ക് ഇതൊക്കെ കാര്യമായ ഒരു സഹായമാകുന്നില്ല. ഗവൺമെന്റ് എന്തുമാത്രം ശ്രമിച്ചാലും ശരി ഈ വ്യവസായത്തെ പുനരുദ്ധരിപ്പിച്ചല്ലാതെ ഈ ആശ്വാസ നടപടികൾകൊണ്ട് പാവപ്പെട്ട തൊഴിലാളികളുടെ കണ്ണുനീരൊപ്പാൻ കഴിയാത്ത അതീവ ഗുരുതരമായ സാഹചര്യം നിലനിൽക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ തേയിലത്തോട്ടങ്ങളിലാണ് ഏറ്റവും വലിയ പ്രതിസന്ധിയുണ്ടായിരിക്കുന്നത്. ഇവിടെ 19-ഓളം എസ്റ്റേറ്റുകൾ അടഞ്ഞുകിടക്കുകയാണ്. അടഞ്ഞുകിടക്കുന്നുവെന്ന് പറഞ്ഞാൽ നിയമപരമായി അടഞ്ഞതല്ല, എസ്റ്റേറ്റുകൾ ഉപേക്ഷിച്ച് പോയതാണ്. ഫാക്ടറികൾ പ്രവർത്തിക്കുന്നില്ല, തൊഴിലാളികൾ തലമുറകളായി ജീവിച്ചിരുന്ന ലയങ്ങളിൽ വൈദ്യുതി എത്തിയിട്ടില്ല. ആ വീടുകളിൽ വർഷങ്ങളായി മെയിന്റനൻസ് ഇല്ല. അവയെല്ലാം മനുഷ്യർക്ക് കിടക്കാൻ കഴിയാത്ത വിധം ചോർന്നൊലിക്കുകയാണ്. കുട്ടികളുടെ വിദ്യാഭ്യാസം മുടങ്ങുന്നു. തേയിലത്തോട്ടങ്ങളിൽ പണിയെടുക്കുന്ന ഭൂരിപക്ഷം തൊഴിലാളികളും ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരും പിന്നോക്ക വിഭാഗത്തിൽപ്പെട്ടവരുമാണ്. പുറത്തൊക്കെ പോയി പഠിച്ചുകൊണ്ടിരിക്കുന്ന മുഴുവൻ കുട്ടികളും മടങ്ങിവന്നുകൊണ്ടിരിക്കുകയാണ്. അവരുടെ കദനകഥ കേട്ടാൽ ആരുടേയും മനസ്സലിയും. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ഒരു വോട്ടർ എനിക്കുനൽകിയ പരാതിയിൽ പറയുന്നത് അദ്ദേഹത്തിന്റെ മൂന്നു മക്കൾ പുറത്തുപഠിക്കുകയാണ്. ആ തേയിലത്തൊഴിലാളിയുടെ ഒരു കുട്ടി മെഡിസിന് പഠിക്കുന്നു, മെറിറ്റിൽ അഡ്മിഷൻ കിട്ടിയതാണ്, പക്ഷെ ഫീസടയ്ക്കാനും ഹോസ്റ്റൽ ഫീസടയ്ക്കാനും നിവൃത്തിയില്ലാത്തതുകൊണ്ട് ആ കുട്ടി മടങ്ങിവന്നിരിക്കുകയാണ് എന്നാണ്.

ശ്രീ. പി. എസ്. സുപാൽ : സർ, അങ്ങ് പറയുന്ന കദനകഥ കേൾക്കാൻ ലേബർ മിനിസ്റ്റർ സഭയിൽ ഇല്ല. നേരത്തേ വിദ്യാഭ്യാസ സംബന്ധമായി ഒരു വിഷയം പറഞ്ഞപ്പോൾ വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിലില്ലായിരുന്നു. ഇതൊക്കെ ഞങ്ങൾ കേൾക്കുന്നുവെന്നുള്ളതല്ലാതെ ഗവൺമെന്റിന്റെ ഉത്തരവാദപ്പെട്ടവർ കേൾക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, തോട്ടം ഉപേക്ഷിച്ചുപോയവർ തിരിച്ചു വരുന്നില്ല, അതുകൊണ്ട് തൊഴിലാളികളുടെ സഹകരണ സംഘമുണ്ടാക്കി തേയിലത്തോട്ടങ്ങളെ പുനരുദ്ധരിക്കുന്നതിനെ സംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ് ?

ശ്രീ. ഇ. എം. അഗസ്തി : സർ, ഞാൻ അതിനെക്കുറിച്ച് പറയാം. സഹകരണസംഘങ്ങളുണ്ടാക്കി തോട്ടങ്ങൾ പുനരുദ്ധരിക്കാൻ കഴിയുമെന്ന പൂർണ്ണമായ വിശ്വാസം എനിക്കില്ല.

ശ്രീ. ബിനോയ് വിശ്വം : സർ, ബഹുമാനപ്പെട്ട ഇ.എം. അഗസ്തി ഇവിടെ അവതരിപ്പിച്ച വിഷയം വളരെ ഗൗരവമുള്ളതാണ്. ഈ സഭയുടെ മുഴുവൻ പിൻതുണയും അങ്ങയുടെ പ്രമേയത്തിനുണ്ട്. ഈ തോട്ടങ്ങളിലെ സ്ഥിതി വളരെ ദയനീയമാണ്. ഇതിന്റെ പ്രധാനപ്പെട്ട കാരണം ഈ പ്രമേയത്തിൽ പറയുന്നതുപോലെ കേന്ദ്ര ഗവൺമെന്റിന്റെ ഇംപോർട്ട് പോളിസിതന്നെയാണ്. പക്ഷെ കേന്ദ്ര ഗവൺമെന്റിനെപ്പോലെതന്നെ സ്റ്റെപ്സെടുക്കേണ്ട ബാദ്ധ്യത സ്റ്റേറ്റ് ഗവൺമെന്റിനുമുള്ളതുകൊണ്ട് 'കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളോട് അഭ്യർത്ഥിക്കുന്നു' എന്ന ഒരു ഭേദഗതി വാക്കാൽ അവതരിപ്പിച്ചാൽ സ്വീകരിക്കാൻ അങ്ങ് ദയവുകാണിക്കുമോ ?

ശ്രീ. ഇ. എം. അഗസ്തി : സർ, ഞാൻ ഈ കാര്യത്തിൽ ഒരു രാഷ്ട്രീയ ചർച്ചയെക്കുറിച്ച് ആലോചിക്കുന്നില്ല. ഇവിടെ ശ്രീ. പി.എസ്. സുപാൽ ചൂണ്ടിക്കാണിച്ചത് തൊഴിൽ വകുപ്പുമന്ത്രി ഇവിടെയില്ല എന്നുള്ളതാണ്. ശ്രീ. സുപാലിനറിയുന്നതുപോലെ, ഈ സഭയിലെ അംഗങ്ങൾക്കറിയുന്നതു പോലെ തൊഴിൽ വകുപ്പുമന്ത്രി പ്രത്യേക താൽപ്പര്യമെടുത്ത് തേയിലത്തോട്ടങ്ങൾ സന്ദർശിക്കുകയും, നിരവധി കോൺഫറൻസുകൾ നടത്തുകയും, സമാശ്വാസ പദ്ധതികൾക്ക് നേതൃത്വം കൊടുക്കുകയുമൊക്കെ ചെയ്തതാണ്. അദ്ദേഹം ആ യാഥാർത്ഥ്യം കാണണം. അതുപോലെതന്നെ തൊഴിലാളികളോട് ഏറെ താല്പര്യമുള്ള തൊഴിലാളി പ്രസ്ഥാനത്തിലൂടെ വളർന്നുവന്ന ശ്രീമതി കെ. ആർ. ഗൗരിയമ്മയെപ്പോലുള്ള സീനിയറായിട്ടുള്ള മെമ്പർമാർ ഈ സഭയിലുള്ളതുകൊണ്ട് ഇതൊരു രാഷ്ട്രീയ ചർച്ചയാക്കി മാറ്റരുതെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, അങ്ങയുടെ മണ്ഡലത്തിൽ എത്രയാളുകൾ ഇതിനകം പട്ടിണികിടന്നു മരിച്ചുവെന്ന് പറയാമോ ?

ശ്രീ. ഇ. എം. അഗസ്തി : സർ, ബോണക്കാട്ട് പട്ടിണിമരണമുണ്ടായപ്പോൾ അന്നത്തെ മുഖ്യമന്ത്രി പറഞ്ഞതുപോലുള്ളൊരു മറുപടി പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അന്നത്തെ മുഖ്യമന്ത്രി പറഞ്ഞത് പോഷകാഹാര ക്കുറവുകൊണ്ടാണ് മരിച്ചതെന്നാണ്. അങ്ങനെയുള്ള

മറുപടിയിലേയ്ക്ക് കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അവിടെ ദാരിദ്ര്യം നിലനിൽക്കുന്നുയെന്നുള്ള കാര്യം ഞാൻ സമ്മതിക്കുകയാണ്. തേയില വ്യവസായത്തേയും, ആ വ്യവസായത്തിലെ പ്രതിസന്ധിയേയും കുറിച്ചാണ് ഞാൻ സംസാരിക്കുന്നത്. ഞാൻ ചൂണ്ടിക്കാണിച്ച പ്രശ്നം വളരെ പ്രധാനപ്പെട്ടതാണ്.

മി. ഡെ. സ്പീക്കർ : അങ്ങ് കൺക്ലൂഡ് ചെയ്യുന്നുണ്ടോ ?

ശ്രീ. ഇ.എം. അഗസ്തി : സർ, ഇല്ല.

മി. ഡെ. സ്പീക്കർ : You can continue next time.

ശ്രീ. ഇ. എം. അഗസ്തി : സർ, Yes, വളരെ പ്രധാനപ്പെട്ട ഒരു കാര്യമായതുകൊണ്ട് ഇപ്പോൾ കൺക്ലൂഡ് ചെയ്യാൻ നിവൃത്തിയില്ല.

(ചർച്ച തുടരും)

മി. ഡെ. സ്പീക്കർ : സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2003 ജൂൺ മാസം 30-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ 27-ാം തീയതി ഉച്ചയ്ക്ക് ശേഷം 12.30-ന് പിരിഞ്ഞു).

LIBRARY ARCHIVES Kerala Legislative Assembly